(സി) ഈ പദ്ധതി പ്രകാരം വിഹിതമടച്ച് കാലാവധി കഴിഞ്ഞ ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ പദ്ധതിയുടെ പരിധിയിൽ ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാരെയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും മെമ്പർമാരെയും ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കേണ്ടത് കേരള മുനിസിപ്പൽ ചെയർമാൻ ആന്റ് മുനിസിപ്പൽ കൗൺസിലേഴ്സ് വെൽഫയർ ട്രസ്റ്റ് ആണ്.

(ഡി) പരിഗണനയിലില്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജ് മേഖലാ വികസന പദ്ധതി

114 [5259] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1976 ഒക്ടോബർ 27-ലെ എസ്.ആർ.ഒ. നമ്പർ 1119 പ്രകാരമുള്ള തിരുവനന്തപുരം മെഡിക്കൽ കോളേജ് മേഖലാ വികസന പദ്ധതി നടപ്പിൽ വന്നത് എന്നുമുതൽ ആണെന്ന് അറിയിക്കാമോ;

(ബി) ഈ സ്കീം ആവിഷ്ക്കരിച്ചതിനു പിന്നിലെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

(സി) ഈ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിന് മുമ്പ് പരിസരവാസികളുടെയും ബഹുജന സംഘടനകളുടെയും അഭിപ്രായങ്ങൾ ആരാഞ്ഞിരുന്നുവോ;

(ഡി) ഈ പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ നടത്താൻ എത്ര ഹെക്ടർ ഭൂമിയാണ് നിയന്ത്രണ മേഖലയിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതി മേഖലയിൽ നിന്നും ഇതേവരെ എത്ര ഹെക്ടർ ഭൂമി ഈ ആവശ്യത്തിലേക്കായി ഏറ്റെടുത്തുവെന്ന് അറിയിക്കുമോ;

(എഫ്) മെഡിക്കൽ കോളേജ് വികസനത്തിനായി നിയന്ത്രിത മേഖലയിൽ നിന്ന് ഇനിയും ഭൂമി ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(ജി) 17-6-1957-ലെ ഇ.എം3. 5161/51/ഇ.എച്ച്.എൽ. പ്രകാരം 52 വർഷക്കാലമായി മരവിപ്പിച്ചിരിക്കുന്ന 4 വില്ലേജുകളിലെ ഭൂമിയിൽ ആവശ്യം വേണ്ടതൊഴികെയുള്ള സ്ഥലം ഉടമകൾക്ക് സ്വതന്ത്രമായി വിട്ടുനൽകുവാൻ നിർദ്ദേശിക്കുമോ;

(എച്ച്) അത്യാവശ്യം വേണ്ട ഭൂമിയുടെ അവകാശികൾക്ക് നഷ്ടപരിഹാരം നൽകി അനിശ്ചിതാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) മെഡിക്കൽ കോളേജ് ഏരിയാ വികസനം പുതിയ തദ്ദേശീയ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ജെ) ദീർഘകാലമായി പരിഗണനയിലുള്ളതും വളരെയേറെ പ്രയോജനപ്രദവുമായ ഈ പദ്ധതി പൂർണ്ണതയിലെത്തിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 27-10-1976 മുതൽ.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രദേശത്തിന്റെ ആസൂത്രിതവും ശാസ്ത്രീയവുമായ വികസനം ഉദ്ദേശിച്ചാണ് മെഡിക്കൽ കോളേജ് ഏരിയ വികസന പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്.

(സി) ആരാഞ്ഞിട്ടുണ്ട്.

(ഡി) ഏകദേശം 2.5 ചതുരശ്രമൈൽ (650 ഹെക്ടർ) ഭൂമിയാണ് നിയന്ത്രണ മേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഇ) 5-31.029 ഹെക്ടർ.

(എഫ്) ഉണ്ട്.

(ജി) വിവിധ വികസന ആവശ്യങ്ങൾ പരിഗണിച്ച് പുതുക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയുടെ ആവശ്യങ്ങൾ പരിഗണിച്ച് പദ്ധതി പ്രദേശത്തു നിന്നും ഒഴിവാക്കാവുന്ന സർവ്വങ്ങളെ ഒഴിവാക്കുന്നതാണ്.

(എച്ച്) പദ്ധതി പുനരാവിഷ്ക്കരിച്ച് അംഗീകാരം നൽകിക്കഴിഞ്ഞതിനുശേഷം അത്യാവശ്യംവേണ്ട ഭൂമി ഏറ്റെടുത്ത് നഷ്ടപരിഹാരം നൽകുന്നതാണ്.

(ഐ) ഉണ്ട്.

(ജെ) നടപടി സ്വീകരിച്ചുവരുന്നു.

പാളയം ജനസേവന കേന്ദ്രത്തിൽ ജോലി ചെയ്യുന്നവർ

115 [5260] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാളയം സാഹചര്യം കോമ്പ്ലക്സിൽ പ്രവർത്തിച്ചുവരുന്ന ജനസേവന കേന്ദ്രത്തിൽ തിരുവനന്തപുരം നഗരസഭയിൽ നിന്നും എത്ര ജീവനക്കാർ ജോലി നോക്കിവരുന്നു; ഇവർ എന്നു മുതൽ ജനസേവന കേന്ദ്രത്തിൽ ജോലി ചെയ്തുവരുന്നു;

(ബി) ഏതു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇവർ ജോലി ചെയ്തു വരുന്നത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇങ്ങനെ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേകമായി എന്തെങ്കിലും കമ്പ്യൂട്ടർ പരിശീലനം നൽകിയിട്ടുണ്ടോ;

(ഡി) തിരുവനന്തപുരം നഗരസഭയിൽ കമ്പ്യൂട്ടർ ട്രെയിനിംഗ് ലഭിച്ച ജീവനക്കാർ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ;

LIBRARY ARCHIVES Kerala Legislative Assembly